"ഭരണഭാഷ - മാതൃഭാഷ"

NO TO DRUGS

നം:-DGE/21406/2024-Y2

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം. തീയതി : 09-07-2025

Hastha

# സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - കേരള സ്കൂൾ കലോത്സവം 2025-26 -ഫെസ്റ്റിവൽ ഫണ്ട് - ശേഖരിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന :-

*****

2025-26 വർഷത്തെ കേരള സ്കൂൾ കലോത്സവ നടത്തിപ്പുമായി ബന്ധപ്പെട്ട് സ്കൂൾ/സബ് ജില്ലാ/ജില്ലാ കലോത്സവങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുണ്ട്. കലോത്സവങ്ങളുടെ നടത്തിപ്പിനായി കുട്ടികളിൽ നിന്നും ശേഖരിക്കുന്ന ഫെസ്റ്റിവൽ ഫണ്ട് സ്കൂളുകളിൽ നിന്നും നേരിട്ട് ഓൺലൈൻ ആയി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പേരിലുള്ള അക്കൗണ്ടിലേക്ക് അടയ്ക്കേണ്ടതുണ്ട്. ഇതിനായി തൊഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ 1 മുതൽ 8 വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസം പൂർണ്ണമായും സൗജന്യമായതിനാൽ ഈ ക്ലാസ്സുകളിലെ കുട്ടികളിൽ നിന്നും ഒരു തുകയും പിരിക്കേണ്ടതില്ല.

2. സംസ്ഥാനത്തെ ഗവ:/എയ്ഡഡ്/അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളിൽ നിന്നും സ്പെഷ്യൽ ഫീസിനോടൊപ്പം സ്വരൂപിക്കുന്ന ഫെസ്റ്റിവൽ ഫണ്ടിനത്തിലെ 2 രൂപയും സംഭാവനയായി 5 രൂപ വീതവും ചേർന്ന് ആകെ 7 രൂപ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പേരിലുള്ള അക്കൗണ്ടിലേക്ക് ഓൺലൈൻ ആയി അടയ്ക്കേണ്ടതാണ്.

3. ഹയർ സെക്കന്ററി വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗങ്ങളിലെ വിദ്യാർത്ഥികളിൽ നിന്നും ശേഖരിക്കുന്ന 50 രൂപയിൽ നിന്നും സ്കൂൾതല കലോത്സവത്തിന്റെ ചെലവുകൾക്കായി 8 രൂപ സ്കൂളുകളിൽ സൂക്ഷിക്കുകയും ബാക്കി 42 രൂപ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പേരിലുള്ള അക്കൗണ്ടിലേക്ക് ഓൺലൈൻ ആയി അടയ്ക്കേണ്ടതുമാണ്.

<u>**തുക ഓൺലൈൻ ആയി അടയ്ക്കുന്ന വിധം**</u>

Hastha

1. തുക പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പേരിലുള്ള അക്കൗണ്ടിലേക്ക് ഓൺലൈൻ ആയി അടയ്ക്കേണ്ടതാണ്. മറ്റ് ഇടപാടുകളിലൂടെ തുക സ്വീകരിക്കുന്നതല്ല. തുക അടയ്ക്കുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പേരിൽ SBI, ജഗതി, തിരുവനന്തപുരം ബ്രാഞ്ചിലുള്ള **ബാങ്ക് അക്കൗണ്ട് നമ്പർ.** 67387652992 **(IFSC: SBIN0070568)** ലേക്ക് SBI Collect എന്ന ഓൺലൈൻ പോർട്ടൽ വഴി ചെലാൻ ജനറേറ്റ് ചെയ്ത് അതാത് സ്കൂൾ മേധാവികൾ അടയ്ക്കേണ്ടതാണ്.

2. സ്കൂളുകൾക്ക് ടി തുക കലോത്സവ ഫണ്ടിൽ അടയ്ക്കുന്നതിനുള്ള ഓൺലൈൻ പോർട്ടലിന്റെ ലിങ്ക് വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിലും ലഭ്യമാണ്. ഓൺലൈൻ ലിങ്ക് വഴി സ്കൂളിന്റെ പേര്, കോഡ്, തുടങ്ങിയ വിവരങ്ങൾ എന്റർ ചെയ്ത് ചെലാൻ ജനറേറ്റ് ചെയ്ത് അടയ്ക്കാവുന്നതാണ്.

3. 25/08/2025 നകം തുക ഓൺലൈൻ ആയി അടയ്ക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ എല്ലാ സ്കൂളുകൾക്കും നൽകേണ്ടതാണ്.

4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അക്കൗണ്ടിലേക്ക് സ്കൂളുകൾ അടയ്ക്കുന്ന ഫെസ്റ്റിവൽ ഫണ്ടിൽ നിന്നും സബ് ജില്ലയ്ക്കും, ജില്ലയ്ക്കും ഉള്ള വിഹിതം അതത് AEO/DDE-മാരുടെ അക്കൗണ്ടിലേക്ക് ഈ കാര്യാലയത്തിൽ നിന്നും പിന്നീട് ക്രെഡിറ്റ് ചെയ്ത് നൽകുന്നതായിരിക്കും.

5. തുക ഒടുക്കുന്നതിനുള്ള ഓൺലൈൻ പോർട്ട് ലിങ്ക് ചുവടെ ചേർക്കുന്നു.

https://www.onlinesbi.sbi/sbicollect/icollecthome.htm?corpID=805180

6. നിലവിൽ സ്കൂൾ പ്രഥമാധ്യാപകർ/പ്രിൻസിപ്പൽമാർ തുക DDE/RDD/DEO/AEO ഓഫീസുകളിൽ നേരിട്ട് നൽകിയിട്ടുണ്ടെങ്കിൽ ഈ തുക തിരികെ വാങ്ങി മേൽപ്പറഞ്ഞ ലിങ്ക് വഴി ഓൺലൈൻ ആയി സ്കൂൾ അധ്യാപകർ/പ്രിൻസിപ്പൽമാർ അടയ്ക്കേണ്ടതാണ്. 2025-26 അധ്യയനവർഷത്തെ തുക മാത്രമാണ് ഓൺലൈൻ പോർട്ടൽ വഴി അടക്കേണ്ടത്.

7. അതത് ജില്ലാ ഓഫീസർമാർ അവരുടെ കീഴിൽ വരുന്ന എല്ലാ സ്കൂളുകളിൽ നിന്നും കുട്ടികളുടെ എണ്ണം കണക്കാക്കി ഫെസ്റ്റിവൽ ഫണ്ട് ഓൺലൈൻ ആയി അടച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതും, ഇപ്രകാരം തുക അടച്ചതിന്റെ ചലാന്റെ പകർപ്പ് ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർ ശേഖരിച്ച് സൂക്ഷിക്കേണ്ടതും, കണക്ക് പരിശോധന വേളയിൽ ടി വിഷയം പ്രത്യേകമായി പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്.

8. മുൻ വർഷങ്ങളിൽ ഏതെങ്കിലും കാരണവശാൽ തുക അടക്കാതിരിക്കുകയോ അല്ലെങ്കിൽ കുറച്ച് അടക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ (Director of General Education) പേരിൽ ടി തുകയ്ക്കുള്ള ഡിമാൻഡ് ഡ്രാഫ്റ്റ് എടുത്ത് കാര്യകാരണ സഹിതം കവറിംഗ് ലെറ്റർ ഉൾപ്പെടെ ഈ കാര്യാലയത്തിലേക്ക് അയക്കേണ്ടതാണ്.

9. മുൻ വർഷങ്ങളിൽ ഏതെങ്കിലും കാരണവശാൽ തുക കൂടുതൽ അടച്ചിട്ടുണ്ടെങ്കിൽ ടി തുക കിഴിച്ച് ഈ വർഷം അടച്ചാൽ മതിയാകും. ആയതിന്റെ രേഖകൾ സ്കൂളിൽ സൂക്ഷിക്കേണ്ടതും ഓഡിറ്റ് സമയത്ത് ഹാജരാക്കേണ്ടതുമാണ്. കൂടുതൽ അടക്കുന്ന തുക ഒരു കാരണവശാലും റീഫണ്ട് ആയി അനുവദിക്കുന്നതല്ല.

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

സ്വീകർത്താവ്:

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

2. എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഹയർ സെക്കന്ററി വിഭാഗം)

3. എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും (വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗം)

4. എല്ലാ ജില്ല/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

5. എല്ലാ പ്രിൻസിപ്പാൾ/പ്രഥമാദ്ധ്യാപകർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)

പകർപ്പ്:

കരുതൽ ഫയൽ.